നബാർഡാണ് സ്വീകരിക്കേണ്ടത്. ആയതിനായി സംസ്ഥാന സർക്കാരും നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നബാർഡ് ചുമതല നിർവ്വഹിക്കാതെ ഒഴിഞ്ഞു മാറുകയാണ്. കേരളത്തിലെ സഹകരണ മേഖലയോട് നബാർഡ് കാണിക്കുന്ന ശത്രുതാപരമായ നിലപാടിനെപ്പറ്റി അന്വേഷണം നടത്താൻ സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കർഷകർക്ക് 4 ശതമാനം പലിശ നിരക്കിൽ വായ്പ പദ്ധതി

2 (4057) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ വഴി സർക്കാർ സബ്സിഡിയോടെ കർഷകർക്ക് 4 ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും യോഗ്യതയും എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കീമിൽപ്പെടുത്തി എത്ര രൂപവരെ ഓരോ കർഷകനും വായ്പയായി ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വായ്പ ലഭിക്കുന്നതിലേക്ക് കർഷകൻ എന്തെല്ലാം ഈടുകൾ നൽകണമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഏതെല്ലാം തരത്തിലുള്ള കൃഷി ആവശ്യങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കുന്നത് ;

(ജി) കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് പ്രസ്തുത വായ്പ ലഭ്യമാക്കുമോ ;

(എച്ച്) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകൾ വഴി 4 ശതമാനം പലിശ നിരക്കിൽ സബ്സിഡിയോടെ കാർഷിക വായ്പ നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ വിളകൾക്ക് നൽകുന്ന വായ്പകൾ പരമാവധി 4 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി 2008-09 വർഷം വരെ നിലവിലുണ്ടായിരുന്നു. നബാർഡ് പുനർവായ്പയായി സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്ന വായ്പയ്ക്ക് 4 ശതമാനം പലിശയായി വർദ്ധിപ്പിച്ചതിനാലും, ഇപ്പോൾ പുനർ വായ്പ നൽകാത്ത സ്ഥിതിക്കും നിലവിൽ 7 ശതമാനം പലിശ നിരക്കിലാണ് നെൽകൃഷിക്കൊഴികെയുള്ള വിളകൾക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നത്. നെൽകൃഷിക്ക് പരമാവധി പരിധിയില്ലാത്ത തുക പലിശരഹിത വായ്പയായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവർക്ക്, കൂട്ടുകൃഷി ചെയ്യുന്നതടക്കമുള്ള ആവശ്യങ്ങൾക്കായി ഒരു ലക്ഷം രൂപവരെ എടുത്ത വായ്പകൾക്ക് 4 ശതമാനം പലിശ ഈടാക്കുന്നതിനും 5 ശതമാനം സർക്കാർ സബ്സിഡിയായി നൽകുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള കുടുംബശ്രീ/അയൽക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് കൂടി ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ കൃഷികൾക്ക് നൽകുന്ന വായ്പയ്ക്ക് 4 ശതമാനം പലിശ ഈടാക്കുന്നതിനുള്ള പദ്ധതി 2008-2009 വർഷംവരെ നിലനിന്നിരുന്നു. ഇപ്പോൾ നെൽകൃഷിക്ക് പലിശരഹിത വായ്പയും, മറ്റെല്ലാ ഹ്രസ്വകാല കാർഷിക വായ്പകൾക്കും 7 ശതമാനം പലിശയും ഈടാക്കുന്നതിനുള്ള നിർദ്ദേശമാണ് നിലവിലുള്ളത്.

(സി) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(ഡി) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(ഇ) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(എഫ്) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(ജി) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(എച്ച്) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാൽ സബ്സിഡിയോടെ 4 ശതമാനം പലിശ നിരക്കിൽ എല്ലാ കർഷകർക്കും വായ്പ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

കേരളത്തിലെ സഹകരണ നിക്ഷേപ വായ്പാമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി

3 (4058) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ നിക്ഷേപ വായ്പാ മേഖല ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നിക്ഷേപ വായ്പാ മേഖലകളിൽ ഈ സർക്കാർ വന്നശേഷം എന്തുമാത്രം പുരോഗതി കൈവരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ മേഖലയിൽ ഇതുവരെ നടന്ന നിക്ഷേപ സമാഹരണ യജ്ഞം മുഖേന എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ട് ; ഈ സർക്കാർ വന്ന ശേഷം എത്ര കോടി രൂപ സമാഹരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly